സാത്താൻ

ആരാണ് മനുഷ്യരെക്കൊണ്ട് ഈ പാപങ്ങളെല്ലാം ചെയ്യിക്കുന്നത്?. ചെയ്യേണ്ട എന്ന് വിചാരിച്ചാലും മനുഷ്യനെക്കൊണ്ട് അത് ചെയ്യിക്കുന്നു. വാസ്തവത്തിൽ അത് എന്താണ് എന്ന് ഒട്ട് അറിയുന്നുമില്ല, ഒരു പേര് മാത്രം അറിയാം, സാത്താൻ(പിശാച്). വാസ്തവത്തിൽ അത് എന്താണ് എന്നറിയാതെ അതിനെ എങ്ങനെ ജയിക്കാം?. യേശുക്രിസ്തുവിനു പോലും ഈ സാത്താനെ നേരിടേണ്ടി വന്നിട്ടുണ്ട്, എന്നിട്ട് എന്തുകൊണ്ട് അതിനെ കൊന്നില്ല- നശിപ്പിച്ചില്ല?.

സാത്താന് രൂപം ഉണ്ടോ? ഉണ്ടെങ്കിൽ എന്താണത്?. ദൈവത്തെക്കുറിച്ചറിയുന്നതോടൊപ്പം സാത്തനെക്കുറിച്ചും അറിയേണ്ടതില്ലേ?, അറിയാതെ എങ്ങനെ അവനിൽ നിന്ന് രക്ഷ പെടും?. ഇതൊക്കെ വാസ്തവത്തിൽ ചിന്തിക്കേണ്ട വിഷയങ്ങളാണ് എന്നാണ് തോന്നുന്നത്. കാരണം പിശാചിനെ- സാത്താനെ- ജയിക്കേണ്ടിയിരിക്കുന്നു. സാത്താന്റെ ആയുധങ്ങൾ, പ്രവർത്തന മേഘല, പ്രവർത്തന ശൈലി ഇതൊക്കെ അറിയാതെ സാത്താനെ ജയിക്കാൻ കഴിയില്ല എന്ന് വ്യക്തം. ഓരോ വ്യക്തിയും സാത്താനോട് പോരാടേണ്ടതുണ്ട് എന്ന് നമ്മെ പഠിപ്പിക്കാനാണ് യേശു തന്റെ അനുഭവം പറഞ്ഞത്. ദൈവപുത്രനായിരുന്നാൽ പോലും സാത്താൻ വെറുതെ വിടില്ല, പിന്നെ സാധാരണക്കാരായ നമ്മുടെ കാര്യം പറയാനുണ്ടോ? പക്ഷെ എന്തുകൊണ്ടെന്നറിയില്ല ഇത് ഒരു വിഷയമായി എടുത്ത് ചർച്ച ചെയ്യാറില്ല. അതല്ല നമ്മൾ യേശുക്രിസ്തുവിൽ വിശ്വസിച്ചാൽ മതി എല്ലാം അവൻ ചെയ്തുകൊള്ളും എന്നാണെങ്കിൽ പിന്നെ ഒന്നും ചെയ്യാൻ നമ്മോട് യേശു കൽപിക്കുകയില്ലായിരുന്നു.

നിങ്ങൾ എന്നെ കർത്താവേ, കർത്താവേ എന്നു വിളിക്കുകയും ഞാൻ പറയുന്നത് ചെയ്യാതിരിക്കുകയും ചെയ്യുന്നത് എന്ത് എന്ന് യേശു ചോദിച്ചതു ഇവിടെ ഓർമ്മിക്കുക. എന്റെ ഈ വചനങ്ങളെ കേട്ട് ചെയ്യുന്നവനാണ് പാറമേൽ അടിത്തറയിടുന്നത് എന്നാണ് യേശു പറഞ്ഞത്. ചെയ്യാത്തവനാകട്ടെ മണലുകൊണ്ട്, സ്വർഗത്തിൽ പോകാം എന്ന മനക്കോട്ട കെട്ടുകയാണ് ചെയ്യുന്നത്. യേശു പറഞ്ഞ കാര്യങ്ങൾ ആചരിക്കുകയും-പ്രവർത്തിക്കുകയും- പ്രവർത്തിച്ചപോലെ പഠിപ്പിക്കുകയും ചെയ്യുന്നവനാണ് സ്വർഗരജ്യത്തിൽ വലിയവനായിത്തീരുന്നത്. അതുകൊണ്ട് യേശു പറഞ്ഞതെല്ലാം മനുഷ്യൻ പ്രവർത്തിക്കാൻ വേണ്ടിയാണ്.

കേവലം ലൗകീക ജീവിതത്തിന്റെ പുഷ്ടിക്കും ആവശ്യങ്ങൾക്കും വേണ്ടി വിശ്വസിക്കുന്നവർക്ക് ഇത്തരം കാര്യങ്ങൾ ചിന്തിക്കാൻ തോന്നുകയില്ല എന്നതാണ് വാസ്തവം. ''ദൈവത്തെ അന്വഷിക്കുന്ന ബുദ്ധിമാന്'' ഇതിന്റെ ഒക്കെ ആവശ്യം ഉണ്ടു താനും. പലരും ചോദിച്ചിട്ടുണ്ട്, അല്ലെങ്കിൽ, പറയുന്നത് കേൾക്കാം, നിങ്ങൾ ഇപ്പോഴും ദൈവത്തെ അന്വേഷിച്ചു കൊണ്ടിരിക്കുകയാണൊ, കഷ്ടം ഞങ്ങൾ ദൈവത്തെ കണ്ടെത്തി വിശ്വസിച്ച് കഴിഞ്ഞു, സ്വർഗരാജ്യത്തിനവകാശിയായിക്കഴിഞ്ഞു. ഇത് അവർ സ്വയമായി പറയുന്നതല്ല, അവരെക്കൊണ്ട് ചില ''ഗുരുക്കന്മാർ'' പറയിക്കുകയാണ്. സാത്താന്റെ ഏറ്റവും പ്രകടമായ ഭാവം ഇവിടെ ചിന്തി ക്കുന്നവർക്ക് മനസിലാക്കാം. ജനലക്ഷങ്ങളാണ് ഈ ധാരണയിൽ എത്തിച്ചേർന്നിരിക്കുന്നത് എന്നത് ദുഃഖകരമാണ്. വി. പൗലോസ് പോലും ഈ രീതിയിലല്ല സംസാരിച്ചതു എന്ന് പലരും ശ്രദ്ധിക്കുന്നില്ല. സാത്താൻ അന്ധകാരത്തിന്റെ അധിപനാണ്

അഥവ അജ്ഞാനത്തിന്റെ അധിപനാണ്, അസത്യത്തിന്റെ അധിപനാണ്. എന്താണ് പാപം എന്നുപോലും അറിയാതെ സകല പാപങ്ങളും ഉപേക്ഷിച്ച് സ്വർഗരാജ്യത്തിനവകാശിയായിത്തീർന്നിരിക്കയാണ് എന്നു പറയുമ്പോൾ ചില കാര്യങ്ങളെങ്കിലും അറിഞ്ഞിരിക്കണം. അതൊന്നുമില്ലാതെ ഇത്തരത്തിൽ പറയുന്നതോ പോകട്ടെ മറ്റുള്ളവരേയും പറയിപ്പിക്കുന്നു എന്നത് തികച്ചും നിർഭാഗ്യകരമാണ്.

അജ്ഞാനത്തെയാണ് സാത്താൻ എന്ന് പറയുന്നത്. അജ്ഞാനത്തിന്റെ മക്കൾ അനവധിയാണ് അതിനേക്കുറിച്ചൊക്കെ ഒരു ചെറിയ ധാരണയെങ്കിലും ഇല്ലാതെ ആത്മീയയാത്ര സാധ്യമല്ല എന്നെങ്കിലും ആദ്യം മനസിലാക്കണം. യേശുക്രിസ്തു എന്തിനാണ് നിനക്കുള്ള സർവ്വസ്വവും ത്യജിച്ച്, നിന്നെത്തന്നെ ത്യജിച്ച് എന്റെ പിന്നാലെ വരിക എന്നു പറഞ്ഞത് ചിന്തിക്കുക. തീർന്നില്ല, പിന്നീട് അഭ്യാസം, അഭ്യാസം തികയുമ്പോൾ ശിഷ്യൻ ഗുരുവിനേപ്പോലെയായിത്തീരും എന്നാണ് യേശു പറഞ്ഞത്. ഈ ലോകം പരദേശവും ഇവിടത്തെ ബന്ധങ്ങൾ എല്ലാം ബന്ധനവും എന്ന് അറിയുമ്പോൾ മാത്രമേ യേശു പറഞ്ഞതിന്റെ ഗൗരവം മനസിലാകുകയുള്ളു.

ഒരു കാര്യത്തിന്റെ യഥർത്ഥ ആശയത്തിൽ എത്തിച്ചേരുന്നതിനു മുൻപേ തന്നെ ചില ധാരണകളിൽ, പലപ്പോഴും തെറ്റായ ധാരണകളിൽ മനുഷ്യൻ എത്തിച്ചേരുന്നു. ഇതിനെ സാത്താന്റെ പ്രവർത്തന ഫലം എന്നാണ് അറിവുള്ളവർ പറഞ്ഞിരിക്കുന്നത്. തെറ്റിദ്ധാരണ അജ്ഞാനത്തിന്റെ സന്തതിയാണ്. ‘‘വരം ലഭിച്ചവരല്ലാതെ ആരും ഈ വചനം ഗ്രഹിക്കുന്നില്ല’’ എന്ന സത്യം എല്ലായിപ്പോഴും ഓർമ്മിച്ചാൽ ഈ അബദ്ധത്തിൽ ചാടുകയില്ല, നമുക്കറിയാത്തത് മറ്റുള്ളവരോട് ചോദിക്കാം. അതുപോലെ വ്യക്തമായി അറിയാത്ത കാര്യങ്ങളെ സ്വന്തം ബുദ്ധിക്കും അറിവിനും അനുസരിച്ച് വ്യാഖ്യാനിച്ച് സ്വയം വഴിതെറ്റുകയും മറ്റുള്ളവരെ വഴിതെറ്റിക്കാനും ഇടയാകുന്ന അവസ്ഥയിൽ നിന്നും മാറി നിൽക്കുന്നത് സാത്താനിൽ നിന്നും മാറി നിൽക്കുന്നത് തന്നെയാണ്.

താൻ ആചരിക്കാത്തത്–പ്രവർത്തിക്കാത്തത്– മറ്റുള്ളവരോട് പ്രവർത്തിക്കാൻ പറയാൻ ആർക്കും അവകാശമില്ല. അതാണ് യേശു പറഞ്ഞത്, ആചരിച്ചതു പോലെ പഠിപ്പിക്കുക. യേശു പറഞ്ഞ കാര്യങ്ങൾ പ്രവർത്തിക്കുമ്പോഴാണ് യേശു പറഞ്ഞതിന്റെ രഹസ്യം തന്നെ അറിയാൻ കഴിയുക. ഇത് പറഞ്ഞാൽ ഉടനെ പറയുക, ‘‘രക്ഷ പ്രവർത്തിയുടെ ഫലമല്ല’’ എന്നായിരിക്കും. അത് മനസിലാക്കാൻ വി. ആക്കോബ് ശ്രമിക്കുന്നു. അതിന് കാരണം ഈ ധാരണ– സാത്താന്റെ പ്രവർത്തനം– അന്നേ തുടങ്ങിയിരുന്നു എന്നാണ്. വിശ്വസിച്ചാൽ മാത്രം മതി എന്ന് അന്നും പലർ പറഞ്ഞു നടന്നിരുന്നു. ഇത് കേട്ടിട്ടാവണം വി. യാക്കോബ്ബ് പ്രവർത്തിയില്ലാത്ത വിശ്വാസം ആത്മാവില്ലാത്ത– ജീവനില്ലാത്ത– ശരീരം പോലെ നിർജ്ജീവമാകുന്നു എന്ന് പറഞ്ഞത്.

വി.പൗലോസിന്റെ വാക്കുകളെ അക്കാലത്തും ചിലർ തെറ്റിദ്ധരിച്ചിരുന്നിരിക്കാം, അതുകൊണ്ട് വി. പത്രോസ് പറഞ്ഞു ‘‘പൗലോസിന്റെ ലേഖനത്തിൽ മനസിലാക്കാൻ പ്രയാസമായ ചിലതുണ്ട്’’ എന്ന്. ഒരു മനുഷ്യൻ അവന്റെ ഉത്ഭവസ്ഥാനമായ ദൈവത്തിലേക്ക് എത്തിച്ചേരാതിരിക്കാൻ എന്തൊക്കെ കാരണമാകുന്നു വോ അതെല്ലാം സാത്തന്റെ പ്രവർത്തനം എന്നു പറയാം. ലൗകീകമായ ആഗ്രഹങ്ങൾ സാത്താന് കടന്നു കയറാൻ പറ്റിയ ഒന്നാണ്. മനസിൽ നിന്നാണ് ആഗ്രഹം ഉണ്ടാ

കുന്നത്. അതുകൊണ്ട് മനുഷ്യന് അറിയാനും മനസിലാക്കാനും പ്രയാസമായ തലത്തിലാണ് സാത്താന്റെ പ്രവർത്തനം എന്ന് മനസിലാക്കാം.

കോപം സാത്തന്റെ താവളമാണ്, കോപിക്കുന്നവനെക്കൊണ്ട് പലതും, അവന്റെ അറിവോ സമ്മതമോ കൂടാതെ ചെയ്യിക്കാൻ സാത്താന് കഴിയുന്നു. അഥവാ മനുഷ്യനിലെ ഇത്തരം തനിക്കും മറ്റുള്ളവർക്കും ദോഷകരമായ ചിന്തകളും സ്വഭാവങ്ങളും സാത്താൻ തന്നെയാണ് എന്ന് മനസിലാക്കുന്നതായിരിക്കും ഉചിതം. മനുഷ്യൻ കൂടുതൽ ആഗ്രഹിക്കുന്നത് അവന് വിനയായിത്തീരും എന്നതുകൊണ്ട് ആവശ്യങ്ങളുടെ പട്ടിക ഏറ്റവും ചുരുക്കി ഒരു ചെറിയ പ്രാർത്ഥനയാണ് യേശു പഠിപ്പിച്ചത്. വി. പൗലോസ് പറഞ്ഞു ''ഉണ്ണാനും ഉടുക്കാനും ഉണ്ടെങ്കിൽ മതി എന്ന് വിചാരിക്ക''. സാത്താന്റെ പിടിയിൽ അകപ്പെടാതെ രക്ഷപെടാനുള്ള ആദ്യപടിയായാണ് സർവ്വവും ത്യജിക്ക എന്ന് യേശു പറഞ്ഞത് എന്ന് ചിന്തിച്ചാൽ മനസിലാകും. ഇവിടെ ഉള്ളത് ഒന്നും നമ്മുടേത് അല്ല എന്നാണ് ആദ്യം അറിയേണ്ടത്. സഭാപ്രസംഗി–ശലോമോൻ– പറയുന്നത് ഈ കാണുന്നതെല്ലാം മായയാണ് സത്യമല്ല എന്നാണ്. ''മണ്ണയമാം ഈയുലകിൽ കാണ്മത് മായ, വിണ്മഹിമ ധനസുഖങ്ങൾ സകലവും മായ''.. എന്ന് എത്ര പാടിയാലും അത് മനസിലുറക്കാറില്ല. ഇത് പാടിക്കഴിഞ്ഞ ഉടനെ ലൗകീകാവശ്യങ്ങളുടെ ഒരു നീണ്ട പട്ടിക പ്രാർത്ഥനയിലൂടെ ദൈവത്തിനു മുൻപിൽ അവതരിപ്പിക്കും. ചിലപ്പോഴത് ഒരു മണിക്കൂറാകും, ചിലപ്പോൾ കൂടുതലും. ഇവിടെയൊക്കെ സാത്തന്റെ പ്രേരണക്കുള്ള സാധ്യത തള്ളിക്കളയനാവില്ല.

ദൈവത്തോട് എന്ത് ചോദിച്ചാലും കിട്ടും, ചോദിക്കാൻ യേശു പറഞ്ഞിട്ടുണ്ടല്ലോ. അങ്ങനെ ചോദിച്ചതിന്റെ ഫലമാണ് ഇപ്പോഴത്തെ ഈ ജീവിതം പോലും. ദൈവത്തിന്റെയടുത്ത് മലാഖമാരോടപ്പം ആനന്ദമായി ജീവിച്ചപ്പോൾ ഒരു വിളി –സാത്താന്റെ വിളി–യുണ്ടായി. ഉടനെ ദൈവത്തോട് പറഞ്ഞു, ഞാൻ ഒരു യാത്ര പോകുകയാണ്, എനിക്ക് എന്റെ അവകാശം വേണം. ചോദിക്കുന്നത് എല്ലാം കൊടുക്കുന്ന ദൈവത്തിന് അത് തടയാൻ കഴിയുമായിരുന്നില്ല. ഉടനെ പരദേശമായ ഈ ലോകത്തേക്ക് ഒരു അധഃപതനവും ഉണ്ടായി എന്ന് ഓർമ്മിക്കുക.

ദൈവത്തോട് ലൗകീക കാര്യങ്ങൾക്കായി പ്രാർത്ഥിക്കുന്നയാൾ യഥാർത്ഥ വിശ്വാസിയാണൊ എന്ന് ചിന്തിക്കുക. അല്ലെന്നായിരിക്കും ഉത്തരം. യേശുക്രിസ്തുവിന്റെ വാക്കുകളിൽ വിശ്വാസമുള്ള ഒരു വ്യക്തി അങ്ങനെ ചോദിക്കില്ല, കാരണം മനുഷ്യന് ആവശ്യമുള്ളത് എന്ത് എന്ന് മുൻകൂട്ടിയറിഞ്ഞ് അത് ചോദിക്കാതെ തന്നെ ദൈവം തന്നിരിക്കും എന്ന് യേശു പറഞ്ഞു. അപ്പോൾ ഇന്ന് ഒന്നില്ലെങ്കിൽ അതാവശ്യമില്ലാത്തത്താണ് എന്ന് മനസിലാക്കണം ഒരു ശരിയായ വിശ്വാസി. എന്നിട്ടും വീണ്ടും വീണ്ടും ചോദിക്കുന്നെങ്കിൽ അത് ആര് പ്രേരിപ്പിച്ചിട്ടെന്ന് ചിന്തിക്കുന്നത് ഉചിതമെന്ന് തോന്നുന്നു. അലൗകീകമായതിന് വേണ്ടി പ്രാർത്ഥിക്കുക എന്നാണ് യേശു ഉദ്ദേശിച്ചത്. ഒരു യഥാർത്ഥ വിശ്വാസി എല്ലാം ത്യജിക്കേണ്ടവൻ എന്ന് യേശു പഠിപ്പിച്ചു.

ഒരു സത്യവിശ്വാസി ഒരിക്കലും അവന്റെ ആഗ്രഹത്തിനോ ഇഷ്ടത്തിനോ അല്ല ജീവിക്കേണ്ടത്, മറിച്ച് ദൈവത്തിന്റെ ഇഷ്ടത്തിനാണ്. ദൈവത്തിന് ഇഷ്ടമുള്ളത് ചോദിക്കേണ്ട കാര്യമില്ല, ചോദിക്കാതെ തന്നെ വേണ്ട സമയത്ത് തന്നിരിക്കും. അതിലുപരി ചോദിക്കുന്നവൻ അവന്റെ ഇഷ്ടമാണ് പ്രാർത്ഥിക്കുന്നത്, ഒരിക്കലും ദൈവത്തിന്റെ ഇഷ്ടമല്ല. രോഗമുണ്ടെങ്കിൽ അത് സഹിക്കുക, മാറാൻ വേണ്ടി പ്രാർ

ത്ഥിക്കുന്നത് ഉചിതമല്ല, ഓരാൾ ഇനി ഇപ്പോൾ പ്രാർത്ഥിച്ചുവേന്നിരിക്കട്ടെ, യേശുവിനും, വി.പൗലോസിനും ഉണ്ടായ അനുഭവമായിരിക്കും ഉണ്ടാകുക. ഇതിനർത്ഥം ദൈവം അവരെ കൂടുതൽ സ്നേഹിക്കുന്നു എന്നാണ്. ദൈവം സ്നേഹിക്കുന്നവരിൽ നിന്ന് പലതും എടുത്തുകളയും, അവന് വേണ്ടാത്തതെല്ലാം ഏതെങ്കിൽ തരത്തിൽ അവനിൽ നിന്ന് വിട്ടു പോകും. എന്നാൽ സ്നേഹിക്കാത്തവർക്കൊ അതിരുകളില്ലാതെ കൊടുത്തുകൊണ്ടിരിക്കും. ഇത് ഒരു പൊതു നിയമമാണ്. ദൈവത്തോട് അടുക്കാൻ യഥാർത്ഥത്തിൽ ശ്രമിക്കുന്നവൻ സ്വയമേവ ത്യജിച്ചില്ലെങ്കിലും അത് എങ്ങനെയെങ്കിലും വന്നു ചേരും.